

ജോർജ് പോൾ
അൽമായ ട്രസ്റ്റി
സ്ഥാനാർത്ഥി

പരിശുദ്ധ മാർത്തോമാശ്ലീഹായുടെ ശ്ലൈഹികവും പൗരോഹിത്യ പരവുമായ പൈതൃകമുള്ള മലങ്കര ഓർത്തഡോക്സ് സഭ ഇന്ന് ഒരു ആഗോള സഭയാണ്. ഈ പരിശുദ്ധ സഭയുടെ ചരിത്രവും യാഥാർഥ്യങ്ങളും ദർശനവും സാക്ഷ്യവും ഉൾക്കൊണ്ടുകൊണ്ട് അതിനു നേതൃത്വം നൽകാൻ കഴിയുന്ന ഒരു വൈദിക-ആത്മായ നിര ആവശ്യമാണ്. ആ നിരയിൽ വൈദിക-ആത്മായ ട്രസ്റ്റികൾ ക്ക് ഏറെ ഉത്തരവാദിത്തങ്ങളുണ്ട്. ആത്മായ ട്രസ്റ്റി സ്ഥാനത്തേക്ക് അനുയോജ്യനായ സ്ഥാനാർഥിയായി ശ്രീ. ജോർജ് പോൾ (സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ, എറണാകുളം) കടന്നുവരു ന്നതിൽ അഭിമാനവും സന്തോഷവും തോന്നുന്നു. ദൈവഭക്തി യോടെ സഭാ സ്നേഹത്തോടെ, കാര്യശേഷിയോടെ, വാഗ്‌വൈഭവ ത്തോടെ, ആർജവത്തോടെ അദ്ദേഹം നമ്മിൽ ചില പുത്തൻ പ്രതീ ക്ഷകൾ ഉണർത്തുന്നു. രാഷ്ട്രീയ വിലപേശലിനതീതമായി, സമ്പ ത്തിന്റെ ബലത്തിലൂന്നാതെ, കുടുംബവാഴ്ച ആഗ്രഹിക്കാതെ ദൈവത്തിൽ ആശ്രയിച്ച് സത്യത്തിനു സാക്ഷ്യം വഹിക്കുവാൻ ബഹു. അസോസിയേഷൻ പ്രതിനിധികൾക്ക് നിസ്സംശയം അദ്ദേ ഹത്തിൽ വിശ്വാസം അർപ്പിക്കാം. ശ്രീ. ജോർജ് പോളിന് നിങ്ങളുടെ അനുഗ്രഹവും പ്രാർഥനയും പിന്തുണയും അഭ്യർഥിച്ചുകൊണ്ട്,

സ്നേഹാദരപൂർവം,

**എ.കെ. തോമസ്**
മുൻ മലങ്കര അസോസിയേഷൻ സെക്രട്ടറി
അമ്പിയിൽ, പറക്കോട്

ജനുവരി 15, 2017



**വ്യക്തിപ്രഭാവവും മൂല്യബോധവും കരുണയുമുള്ളവരാകണം വരേണ്ടത്.**
**ജിജി തോംസൺ ഐ.എ.എസ്. പറയുന്നു**

# സഭയുടെ ഭാവിക്ക് **ജോർജ് പോൾ** വരണം

ക്രിസ്തുവിനെ നെഞ്ചിലേറ്റി നടക്കുന്ന യഥാർത്ഥ ക്രിസ്തുശിഷ്യരുടെ സംഖ്യ കുറഞ്ഞുവരുന്നതാണ് ലോകമെമ്പാടുമുള്ള ക്രിസ്തുസഭ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. അനുയായികൾ ധാരാളം; യഥാർത്ഥ ശിഷ്യരോ ചുരുക്കം.ദ്രുതവേഗത്തിൽ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു സമൂഹത്തിൽ, ക്രിസ്തുസഭയുടെ വിശ്വാസവും മൂല്യങ്ങളും കാത്തു സംരക്ഷിക്കുന്നത് ശ്രമകരമായ ഒരു ദൗത്യമാണ്. ഇത് ആത്മീയപിതാക്കന്മാരുടെ മാത്രം ചുമതലയല്ല; സഭയെ സ്നേഹിക്കുന്ന ഓരോ വിശ്വാസിയുടെയും കടമകൂടിയാണ്.

നമ്മുടെ സഭയുടെ കാര്യമെടുക്കുക; സഭ കക്ഷിവഴക്കു കാരണം ക്ഷതമേറ്റെങ്കിലും ഇന്നും നമ്മുടെ വിശ്വാസപാരമ്പര്യം അഭംഗുരം കാത്തു സൂക്ഷിക്കാൻ കഴിഞ്ഞുവെന്നത് ദൈവികനടത്തിപ്പിന്റെ പ്രത്യക്ഷ ഉദാഹരണമാണ്. അതിനു വഴിയൊരുക്കുന്ന ആത്മീയ പിതാക്കന്മാർക്ക് ശക്തമായ പിന്തുണ കൊടുക്കാൻ കഴിയണം. അതിനു പക്വതയുള്ള അൽമായനേതൃത്വവും വേണം. അവർ സഭയെ, എല്ലാ ത്തിലുമുപരി സ്നേഹിക്കുന്നവരാകണം. ദീർഘവീക്ഷണം ഉള്ളവർ ആകണം. നീതിബോധമുള്ളവരാകണം. കരുണാമയരാകണം. ഊർജ്ജസ്വലരാകണം. എളിമയുള്ളവരാകണം.

സഭയുടെ ശോഭനമായ ഭാവിക്ക് ഇങ്ങനെയുള്ള വ്യക്തികളെ വേണം. വ്യക്തിപ്രഭാവമുള്ള, ഉന്നത മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ജോർജ് പോളിനെപ്പോലെയുള്ള വ്യക്തികൾ അത്മായ നേതൃനിരയിലേക്ക് വരുന്നത് ഏറ്റവും അഭികാമ്യമാണെന്നു ഞാൻ കരുതുന്നു.

**ജിജി തോംസൺ**
ഐ.എ.എസ്.



**സമൂഹത്തിൽ സമ്മതനും നേതൃത്വ പാടവമുള്ളവനും സഭയോടും അതിന്റെ വിശ്വാസാചാരങ്ങ ളോടും പ്രതിബദ്ധത യുള്ളവനുമായ ആളെ വേണം നമ്മൾ തിരഞ്ഞെടു ക്കേണ്ടത്.**

**ഫാ. ടി.ജെ. ജോഷ്വ എഴുതുന്നു.**

# സാരഥികളെ തേടുമ്പോൾ കാണേണ്ടത്

ക്രൈസ്തവപാരമ്പര്യത്തിന്റെ ചില വഴികളിൽ പൗരോഹിത്യമേധാവിത്വം നിലനിൽക്കുന്നു. മറ്റുചിലതിൽ പൗരോഹിത്യസ്ഥാനം തിരസ്കരിക്കുന്ന വ്യവസ്ഥിതിയാണ്. എന്നാൽ പൗരോഹിത്യാധികാരവും അൽമായനേതൃത്വവും സംയോജിപ്പിച്ചുകൊണ്ടുള്ള സംവിധാനം മറ്റുചില സഭകളിൽ ദർശിക്കാം. മലങ്കര ഓർത്തഡോക്സ് സഭ ഈ ഗണത്തിൽപ്പെടുന്നു. സഭയുടെ ഭരണഘടന രൂപപ്പെടുത്തിയ പിതാക്കന്മാർ പൂർവികമായ ഭരണക്രമത്തെയും ആധുനിക വ്യവസ്ഥിതിയിലെ പ്രവണതകളെയും കണക്കിലെടുത്തുകൊണ്ട് സുചിന്തിതമായി പ്രാർഥനാപൂർവ്വം രൂപപ്പെടുത്തിയതാണ് നമ്മുടെ ഭരണഘടന.

എപ്പിസ്കോപ്പൽ സുന്നഹദോസ് വിശ്വാസപരമായ കാര്യങ്ങളിൽ പരമാധികാര സമിതിയായി പ്രവർത്തിക്കുമ്പോൾ വൈദിക പ്രതിനിധികളും അത്മായ പ്രതിനിധികളും ഉൾക്കൊള്ളുന്ന മലങ്കര ക്രിസ്ത്യാനി അസോസിയേഷൻ സഭയുടെ പരമോന്നത സമിതിയായി നിലകൊള്ളുന്നു. ഏകാധിപത്യപ്രവണതയെ ഒഴിവാക്കാനും കൂട്ടുത്തരവാദിത്തം പാലിക്കപ്പെടുവാനുമാണ് ഈ ഭരണക്രമീകരണം വിഭാവന ചെയ്യുന്നത്.

അങ്ങനെ മലങ്കര മെത്രാപ്പോലീത്താ സഭയുടെ ഭരണസാരഥി ആയിരിക്കുമ്പോൾ, അദ്ദേഹത്തെ സഹായിക്കാനും കൂട്ടുത്തരവാദിത്തം വഹിക്കാനുമായി ഒരു വൈദിക ട്രസ്റ്റിയെയും അത്മായ ട്രസ്റ്റിയെയും അസ്സോസിയേഷൻ തിരഞ്ഞെടുക്കുന്നു. ഇപ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന രണ്ടുപേരുടെയും ചുമതല അഞ്ചു വർഷത്തേക്ക് ആയിരിക്കുമെന്ന് നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. അത് ചില പൂർവകാലാനുഭവത്തിന്റെ പശ്ചാത്തലത്തിലാണ്.

വൈദികനിരയിൽ നേതൃത്വവരവും സേവനപാരമ്പര്യവും ഉത്തമ സാക്ഷ്യ വുമുള്ള വ്യക്തിയെ ട്രസ്റ്റി സ്ഥാനത്തേക്കു തിരഞ്ഞെടു

ക്കുന്നു. അതു പോലെതന്നെ അത്മായ ട്രസ്റ്റിയും സമൂഹത്തിൽ സുസമ്മതനും നേതൃത്വ പാടവമുള്ളവനും സഭയോടും അതിന്റെ വിശ്വാസാചാരങ്ങളോടും പ്രതിബദ്ധതയുള്ളവനും ആയിരിക്കാൻ ശ്രദ്ധിക്കണം. ഇതര മതസ്ഥരുടെയും മറ്റും സഭാ വിഭാഗങ്ങളുടെയും ഇടയിൽ അംഗീകാരവും നല്ല സാക്ഷ്യവുമുള്ള വ്യക്തി ആയിരിക്കുന്നത് അഭികാമ്യമാണ്. നമ്മുടെ സഭയിൽ പ്രശ്നങ്ങൾ ഏറെയുള്ള വടക്കൻപ്രദേശങ്ങളിൽ സ്വീകാര്യനും സമ്മതനുമെങ്കിൽ കൂടുതൽ പ്രയോജനപ്പെടും. സാമൂഹ്യസംഘടനകളിലും പ്രസ്ഥാനങ്ങളിലും നേതൃത്വം നൽകി പ്രവർത്തനപരിചയമുള്ള ആളിന് സഭാനേതൃത്വത്തിലും ഉത്കൃഷ്ടസംഭാവനകൾ നൽകാൻ കഴിയും. സ്ഥാനമോഹികളെയും വ്യക്തിപരമായ നേട്ടങ്ങൾക്കുവേണ്ടി നിലകൊള്ളുന്നവരെയും തിരിച്ചറിയാൻ കഴിയണം.

രാഷ്ട്രീയത്തിലെയും സാമൂഹ്യസംഘടനകളിലെയും തിരഞ്ഞെടുപ്പുപോലെയല്ല, സഭയുടെ ചുമതലക്കാരെ തിരഞ്ഞടുക്കുന്നത്. സഭ കേവലം ഒരു സാമൂഹ്യസംഘടനയല്ല. അത് ദൈവത്തിന്റെ മന്ദിരവും ക്രിസ്തുവിന്റെ ശരീരവുമാണ്. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടേണ്ട ഒരു സമൂഹമാണ്. അവിടെ മാനുഷികമായ കുതന്ത്രങ്ങളും കാപട്യങ്ങളും അരങ്ങേറുവാൻ പാടില്ല. ദൈവേഷ്ടപ്രകാരമുള്ള പ്രവൃത്തിയാണ് സഭയിൽ നടക്കേണ്ടത്. എല്ലാറ്റിലും പ്രാർത്ഥനയാണ് പ്രേരകശക്തിയായി വർത്തിക്കേണ്ടത്. അസ്സോസിയേഷൻ അംഗങ്ങളായി എത്തുന്നവർ ഏതാത്മാവിനാലാണ് വർത്തിക്കേണ്ടത് എന്നു സ്വയം ചിന്തിക്കണം. മാനേജിംഗ് കമ്മറ്റിയിലേക്ക് തിരഞ്ഞെ ടുക്കപ്പെടുന്നവർ സഭാവിശ്വാസവും പാരമ്പര്യങ്ങളും മുറുകെ പിടിക്കുന്ന വരും, ക്രിസ്തീയ സാക്ഷ്യമുള്ളവരും ആത്മീയ ദർശനവും ആത്മിക ജീവിതമുള്ളവരും ആയിരിക്കണം.

സഭയുടെ മുഴുവന്റെയും പ്രതിനിധികളായി അസ്സോസിയേഷനിൽ എത്തു ന്നവർ ഒരു വിശിഷ്ട ദൗത്യമാണ് നിർവ്വഹിക്കുന്നത് എന്നോർക്കണം. അവിടെ ദൈവാത്മാവ് യഥാർത്ഥമായി പ്രവർത്തിക്കാൻ തക്ക അന്തരീക്ഷം സൃഷ്ടിക്കണം. അതിന് പ്രാർത്ഥനയോടും ആത്മസമർപ്പണത്തോടുംകൂടി പങ്കെടുക്കുകയാണ് വേണ്ടത്. സഭയ്ക്കു നന്മയും പ്രയോജനവും വരുത്തുന്നവരും ദൈവനാമം മഹത്വപ്പെടുവാൻ ഉപയുക്തരുമായ വ്യക്തികൾ തിരഞ്ഞെടുക്കപ്പെടട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

ശ്രീ ജോർജ് പോളിന് എല്ലാ ആശംസകളും നേരുന്നു.

**ഫാ. ടി. ജെ. ജോഷ്വ**
തെക്കിനേത്ത്
സചിവോത്തമപുരം

# മാറ്റത്തിനുവേണ്ടി നിലപാടെടുക്കുക



**സ്വന്തം ദുഷ്ചെയ്തികൾക്ക് മറ സൃഷ്ടിക്കുന്നതിനും പൊതുസമൂഹത്തിൽ മാന്യത നേടുന്നതിനും സ്വന്തം രാഷ്ട്രീയദുർമോഹങ്ങൾ സാക്ഷാത്കരിക്കുന്നതിനും തരപ്പെടുമെങ്കിൽ കീശ വീർപ്പിക്കുന്നതിനും എല്ലാമുള്ള ഉപാധിയായി സഭാനേതൃസ്ഥാനങ്ങളെ ഉപയോഗിച്ചവരെയും ഉപയോഗിക്കാനിടയുള്ളവരെയും ഒഴിവാക്കാനുള്ള സുവർണാവസരമാണ് ഈ തിരഞ്ഞെടുപ്പ്.**

**പ്രഫ. ഡോ. എം.പി. മത്തായി പറയുന്നു.**


സ്വന്തം പൗരാണികത്വത്തിലും പാരമ്പര്യങ്ങളിലും അവകാശപ്പെട്ടതിലധികം അഭിമാനിക്കുകയും അനുചിതമായിപ്പോലും അഹങ്കരിക്കുകയും ചെയ്യുന്ന സഭയാണല്ലോ നമ്മുടേത്. സഭയ്ക്ക് അഭിമാനിക്കാൻ ഈടുവെയ്പുകളേറെയുണ്ട്. എടുത്തുപറയേണ്ടത് സഭയുടെ പ്രഫുല്ലമായ മാനവവിഭവശേഷിയാണ്. വിദ്യാഭ്യാസരംഗത്തും വൈദ്യശാസ്ത്രമുൾപ്പെടെ ശാസ്ത്ര-സാങ്കേ തികവിദ്യകളുടെ പ്രയോഗമേഖലകളിലും സിവിൽ സർവ്വീസുകളിലും നീതി- ന്യായ പരിപാലന സംവിധാനത്തിലും വ്യവസായരംഗത്തുമെല്ലാം മലങ്കര ഓർത്തഡോക്സ് സഭാംഗങ്ങൾ അവരുടെ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്; പൊതുസമൂഹത്തിന്റെ ആദരവും അംഗീകാരവും നേടിയിട്ടുമുണ്ട്. കുതന്ത്രങ്ങൾ പ്രയോഗിച്ച് സ്ഥാനമാനങ്ങളും കണക്കിൽ ചേർക്കാനാകാത്ത സമ്പ ത്തും ആർജ്ജിക്കുന്നതിലും തങ്ങൾ പിന്നിലല്ലെന്ന് തെളിയിച്ചിട്ടുള്ള വിരുതന്മാരും വിരളമല്ല നമ്മുടെ കൂട്ടത്തിൽ. എന്നാൽ ഇക്കൂട്ടരല്ല, മറിച്ച് ദൈവാശ്രയംകൊണ്ടും കഠിനാദ്ധ്വാനംകൊണ്ടും നേട്ടങ്ങൾ കൈവരിച്ചവരാണ് സഭയുടെ യശ്ശസ്സുയർത്തിയത്; അവരാണ് സഭയുടെ ഈടുവെയ്പ്; സഭയുടെ പുഷ്പങ്ങൾകൊണ്ടു നിറഞ്ഞ മേച്ചിൽസ്ഥലങ്ങൾ സൃഷ്ടിച്ചതും അവർതന്നെയാണ്. ഇതു നാം മറക്കാതിരിക്കുക. 1970കളുടെ പ്രാരംഭത്തിലുണ്ടായ സഭാതർക്കങ്ങളെത്തുടർന്ന് രൂപപ്പെട്ട് ശക്തിപ്രാപിച്ച അനാരോഗ്യകരമായ പ്രവണതകളുടെ ഫലമായി സഭാനേതൃത്വത്തിന്റെ ധാർമ്മിക ബലവും കാര്യശേഷിയും ക്ഷയോന്മുഖമായി.ബാഹ്യമോടികൾക്ക് കാര്യമായ മങ്ങലേറ്റില്ലെങ്കിലും ആന്തരികമായി - ധാർമികവും ആത്മീയവുമായി- സഭ ജീർണ്ണിക്കാൻ തുടങ്ങി. തങ്ങളുടെ ആത്മീയദാഹം ശമിപ്പിക്കാനുള്ളതൊന്നും ഈ സഭയിൽനിന്നും ലഭിക്കുകയില്ലെന്നു തോന്നിയ ഒട്ടേറെപ്പേർ സഭ ഉപേക്ഷിച്ച് നവ-ഇവാഞ്ചലിക്കൽ-കരിസ്മാറ്റിക് പ്രസ്ഥാനങ്ങളിലേക്ക് ചേക്കേറി. സഭയിലെ ഈ ആന്തരിക ജീർണത ഏറ്റവും പ്രകടമായി പ്രതിഫലിച്ചത് മെത്രാന്മാരുടെയും സഭാസ്ഥാനികളുടെയും തിരഞ്ഞെടുപ്പുകളിലായിരുന്നു. ചപലവും അധാർമ്മികവുമായിരുന്നു പ്രചാരണ കോലാഹലങ്ങൾ.

സഭായോജിപ്പിനെത്തുടർന്ന് 2000ൽ കൂടിയ അസ്സോസിയേഷൻ തിരഞ്ഞെടുത്ത മാനേജിങ് കമ്മറ്റി, സഭ ധാർമികമായും ആത്മീയമായും ക്ഷീണിച്ചിരിക്കുന്നു എന്ന സത്യം അംഗീകരിക്കുകയും ഈ ദുരവസ്ഥ തരണം ചെയ്യു ന്നതിന് സ്വീകരിക്കേണ്ട നടപടികളെപ്പറ്റി ഗൗരവതരമായി ചർച്ച ചെയ്യുകയും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. സെമിനാരി പ്രിൻസിപ്പലായിരുന്ന നമ്മുടെ ഡോ. കെ. എം. ജോർജ് അച്ചൻ കൺവീനറായ ഒരു സബ് കമ്മിറ്റി ആ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് സമർപ്പിച്ചു. പക്ഷെ, ഒന്നും സംഭവിച്ചില്ല. രേഖകൾ സൂക്ഷിക്കുന്ന നടപടിക്രമം സഭ പാലിക്കുന്നുണ്ടെങ്കിൽ ദേവലോകത്തെ സഭാ ഓഫിസിലെ ഏതെങ്കിലും അലമാരയുടെ ഏതെങ്കിലും തട്ടിൽ വിലപിടിപ്പുള്ള ആ റിപ്പോർട്ട് പൊടിപിടിച്ച് കിടപ്പുണ്ടാവും എന്നു കരുതാം.

ഇത്തരം ഒട്ടനവധി ദുർദ്ദശകളിൽക്കൂടി തപ്പിയും തടഞ്ഞും നീങ്ങുന്ന മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് ദിശാമാറ്റം നൽകാനുള്ള അവസരമാണ് ഈ തിരഞ്ഞെടുപ്പ് എന്നു ഞാൻ വിശ്വസിക്കുന്നു. സ്വന്തം ദുഷ്ചെയ്തികൾക്ക് മറ സൃഷ്ടിക്കുന്നതിനും പൊതുസമൂഹത്തിൽ മാന്യത നേടുന്നതിനും സ്വന്തം രാഷ്ട്രീയദുർമോഹങ്ങൾ സാക്ഷാത്കരിക്കുന്നതിനും തരപ്പെടുമെങ്കിൽ കീശ വീർപ്പിക്കുന്നതിനും എല്ലാമുള്ള ഉപാധിയായി സഭാനേതൃ സ്ഥാനങ്ങളെ ഉപയോഗിച്ചവരെയും ഉപയോഗിക്കാനിടയുള്ളവരെയും ഒഴിവാക്കാനുള്ള സുവർണാവസരമാണ് ഈ തിരഞ്ഞെടുപ്പ്. മാറ്റത്തിനുവേണ്ടി ദാഹിക്കുന്നവരാണ് മലങ്കര സഭാംഗങ്ങളിൽ ബഹുഭൂരിപക്ഷവും. ഇതാ മാറ്റത്തിനുള്ള അവസരം നമ്മുടെ മുമ്പിൽ എത്തിയിരിക്കുന്നു. ഭാഗ്യവശാൽ സത്യസന്ധരും നിസ്വാർത്ഥരും സമർത്ഥരും സമർപ്പിതചിത്തരുമായ വ്യക്തികൾ സഭാനേതൃത്വത്തിലേക്കു വരാൻ സന്നദ്ധരായി മുന്നോട്ടുവന്നിരിക്കുന്നു.

മാറ്റമില്ലെങ്കിൽ ഫലം കൂടുതൽ ജീർണ്ണതയായിരിക്കുമെന്ന് ഓർക്കുക. മലങ്കര ഓർത്തഡോക്സ് സഭയുടെ ഭാവി ശോഭനമാവണമെങ്കിൽ നേതൃത്വം മാറിയേ മതിയാവൂ. മാറ്റത്തിനു ലഭിച്ച ഈ അവസരം ഫലപ്രദമായി ഉപയോഗി ക്കുവാൻ ശ്രദ്ധിക്കുക - ശ്രമിക്കുക - പ്രാർഥനാപൂർവ്വം.

**പ്രഫ. ഡോ. എം.പി. മത്തായി**



*റവ. ഡോ. എം.വി. ജോർജ് അച്ചൻ നടത്തിയ സിംഫണി പരിപാടിയിൽ ഡോ. കെ. ജെ. യേശുദാസിനെ ആദരിക്കുന്നു.*

**അൽമായ ട്രസ്റ്റി സ്ഥാനത്തേയ്ക്ക് മത്സരിക്കാൻ ഇടയായ സാഹചര്യത്തെപ്പറ്റിയും പശ്ചാത്തലത്തെപ്പറ്റിയും ജോർജ് പോളുമായി ജോയ്സ് ജോയ്സ് തോട്ടയ്ക്കാട് നടത്തിയ അഭിമുഖം**

# നമ്മളെന്തിന് **ജോർജ് പോളിന്** വോട്ടു ചെയ്യണം?

**● അൽമായ ട്രസ്റ്റി സ്ഥാനത്തേക്ക് താങ്കൾ മത്സരിക്കാൻ ഇടയായ സാഹചര്യം എന്താണ്?**

എന്റെ സ്വന്തം താല്പര്യപ്രകാരം മത്സരിക്കുകയല്ല. സഭയെ സ്നേഹിക്കുന്നവരായ വളരെയധികം പേർ വളരെ നിർബന്ധപൂർവ്വം പറഞ്ഞതിനെതുടർന്ന് വളരെ ആലോചിച്ചാണ് മത്സരിക്കാൻ തീരുമാനമായത്. നമ്മളിൽ പലർ ചേർന്ന് കൂട്ടായി വളരെയധികം ചിന്തിച്ചാണ്. ആ തീരുമാനമുണ്ടായത്. നമ്മുടേത് ഒരു പുരാതന സഭയാണ്. ആ സഭയ്ക്കു വലിയ വളർച്ചയ്ക്ക് സാധ്യതകളുണ്ട്. പരിശുദ്ധ കാതോലിക്കാ ബാവയുടെയും പരിശുദ്ധ സുന്നഹദോസിൻറെയും

മാനേജിങ് കമ്മിറ്റിയുടെയും നേതൃത്വത്തിൽ സഭയിലെ എല്ലാവരെയും വിശ്വാസത്തിലെടുത്ത് സഭയുടെ വളർച്ചയ്ക്കും സമൂഹത്തിന്റെ ക്ഷേമത്തിനുമായി നമുക്ക് കൂട്ടായി ചിലതു ചെയ്യാനുള്ള സാധ്യതയാണ് ഞാൻ കാണുന്നത്. ഈ സഭയുടെ പരമാദ്ധ്യക്ഷൻ പ. കാതോലിക്കാ ബാവാ തിരുമേനിക്ക് ശക്തി പകരുക എന്നുള്ളതാണ് എന്റെ ഏറ്റവും പ്രധാനമായ ലക്ഷ്യം. സഭയ്ക്കുള്ളിലും ഇതര സഭകളോടും സമുദായങ്ങളോടും പൊതുസമൂഹത്തോടും സമാധാനത്തിൽ ഇടപെടാൻ നമുക്കു കഴിയണം.

**● സഭയുടെ പ്രവർത്തനത്തെ എങ്ങനെയാണ് വിഭാവനം ചെയ്യുന്നത്?**

എന്റെ പരിമിതമായ അറിവിൽ നമ്മുടെ സഭയെ ഒരു ക്രിസ്ത്യൻ റിപ്പബ്ലിക്കായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്. ഇത്രമാത്രം ജനാധിപത്യമുള്ള മറ്റൊരു സഭയുണ്ടോ എന്നെനിക്ക് സംശയമാണ്. ജനാധിപത്യം കൂടിയിരിക്കുമ്പോൾ അതിൽ ഗുണവുമുണ്ട്, ദോഷവുമുണ്ട്. ദോഷപരമായ കാര്യങ്ങളെ പൂർണമായിട്ട് മാറ്റിനിർത്തി നല്ല വശത്തേയ്ക്കു ഇതിനെ തിരിച്ചുവിടുകയാണ് നമ്മൾ ചെയ്യേണ്ടത്. ഒരു വ്യക്തിയുടെ മാത്രം പ്രവർത്തനമോ നേതൃത്വമോ അല്ല പ്രധാനം. കൂട്ടായ നേതൃത്വവും പ്രവർത്തനവുമാണ് വേണ്ടത്. പല മേഖലകളിലും ഓരോ തരം സമാധാനമില്ലായ്മയുണ്ട്. ഇതിനെ അവഗണിക്കുകയല്ല, നേരിട്ട് പരിഹരിച്ച് മുന്നോട്ടുപോവുകയാണ് വേണ്ടതെന്നാണ് എന്റെ എളിയ കാഴ്ചപ്പാട്. നൻമയുടെയും സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും വഴികളിൽ നീങ്ങുന്നൊരു വിശ്വാസിസമൂഹമായി നമ്മുടെ സഭയെ ലോകമറിയണമെന്നതാണ് എന്റെ വിനീതമായ ലക്ഷ്യം.

**● സഭാസ്ഥാനികൾ ഇതിലെന്തു പങ്കാണ് വഹിക്കേണ്ടത്?**

നൻമയുടെ വഴിയിലൂടെയുള്ള സഭയുടെ വളർച്ചയാകണം സഭാസ്ഥാനികളുടെ ഉദ്ദേശ്യലക്ഷ്യം. സ്ഥാനികളുടെ നിലനിൽപ്പോ, സ്വയമുള്ള ഉയർത്തിക്കാട്ടലോ പ്രധാനമല്ല. സഭയ്ക്കുവേണ്ടിയാണ് സ്ഥാനികൾ. സ്ഥാനികൾക്കു വേണ്ടിയാകരുത് സഭ. പരിശുദ്ധ ബാവാ തിരുമേനിയുടെയും മറ്റ് മെത്രാപ്പോലീത്തന്മാരുടെയും അനുഗ്രഹത്തോടെയും സഭാംഗങ്ങളുടെ പങ്കാളിത്തത്തോടെയും നല്ല കാര്യങ്ങൾ ചെയ്യാനും തീരുമാനങ്ങൾ കൂട്ടായി എടുക്കാനും നടപ്പാക്കാനുമാണ് സഭാസ്ഥാനികൾ ശ്രമിക്കേണ്ടതെന്നാണ് എനിക്കു തോന്നിയിട്ടുള്ളത്.

**● അങ്ങനെയൊരു അവസരം ലഭിച്ചാൽ സഭയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്?**

പല കാര്യങ്ങൾ നമ്മുടെ ആളുകള്ൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ചിലത് എന്റെ ചിന്തയിലും വന്നിട്ടുണ്ട്. ഒന്നു രണ്ടു കാര്യങ്ങള്ൾ പറയാം. ഏറ്റവും പ്രധാനം പുറത്തെ പൊതുസമൂഹത്തിന് നമ്മുടെ സഭയെക്കുറിച്ച് മതിപ്പുണ്ടാകാന് വേണ്ട കാര്യങ്ങളാണ്. സേവന - ജീവകാരുണ്യരംഗത്തും ആധ്യാത്മിക പ്രവര്ത്തനങ്ങളിലും നമുക്ക് പ്രത്യേക ശ്രദ്ധ വേണം. മെച്ചപ്പെട്ട ജീവിതം, വിദ്യാഭ്യാസം, ഉദ്യോഗം തുടങ്ങിയ കാര്യങ്ങളില് സഭാംഗങ്ങള്ക്ക് സഹായവും വഴികാട്ടിയുമാകാനുള്ള ബാധ്യതയും സഭയ്ക്കുണ്ട്. മറ്റൊന്ന് നമ്മുടെ വൈദികരെ സംബന്ധിച്ചാണ്. സെമിനാരിയിൽ നിന്ന് പരിശീലനം നേടി ആധ്യാത്മിക നേതൃത്വത്തില്ൽ വന്നു കഴിഞ്ഞാല് വൈദികർക്ക് അവർ അർഹിക്കുന്നൊരു സാമൂഹിക വ്യക്തിത്വം നിലനിർത്താൻ കഴിയുന്ന ജീവിത സാഹചര്യവും സൗകര്യങ്ങളും ഉറപ്പാക്കാൻ നമുക്ക് ബാധ്യതയുണ്ട്. എല്ലാവിഭാഗം ജനങ്ങളിൽ നിന്നും ബഹുമാനം ലഭിക്കുന്നൊരു സാമൂഹിക നില അവർക്ക് ഉറപ്പാക്കി കൊടുക്കാൻ പറ്റണം.

**● സഭയുടെ മാനേജിംഗ് കമ്മിറ്റിയിൽ സേവനം**

**ചെയ്തിട്ടുണ്ടല്ലോ. അതിനെക്കുറിച്ച് ?**

ഒരു തവണ സഭയുടെ മാനേജിംഗ് കമ്മിറ്റിയിൽ സേവനം ചെയ്യാൻ എനിക്ക് അവസരം കിട്ടിയിട്ടുണ്ട്. അതിനെപ്പറ്റി ഒത്തിരി നല്ല കാര്യങ്ങള് പറയാനുണ്ട്. പക്ഷേ തിരുത്തേണ്ട ഒരു കാര്യം കൂടിയുണ്ട്. അതാണല്ലോ പറയേണ്ടത്. എല്ലാ കൂട്ടായ്മകള്ക്കു വേണ്ട ഒരു അച്ചടക്കമുണ്ട്. അതു ചിലപ്പോൾ നമുക്ക് ഇല്ലാതാകുന്നുണ്ടോ എന്ന് സംശയമുണ്ട്. വളരെ ജനാധിപത്യപരമായി പ്രവർത്തിക്കുന്ന നമ്മുടെ സഭയുടെ ഉന്നതമായൊരു ഫോറത്തിൽ പെരുമാറുമ്പോൾ അതിനോട് മര്യാദയും ബഹുമാനവും കാട്ടാനുള്ള ബാധ്യത എല്ലാവർക്കുമുണ്ട്. നേതൃത്വത്തിലുള്ളവർക്ക് അക്കാര്യത്തിൽ വലിയ ഉത്തരവാദിത്തം ഉണ്ട്. നമ്മുടെ പൂർവ്വപിതാക്കന്മാർ ഇത്തരം വേദികളെ എങ്ങനെയാണ് കണ്ടിരുന്നതെന്ന് പഠിക്കണം. ആ മഹത്തായ മാതൃക പിന്തുടരണം. നമ്മുടെയൊരു നിയമനിർമാണ സഭയായി മാനേജിങ് കമ്മിറ്റി മാറണം. ഇത്തരം ഫോറങ്ങളിൽ ഇടപെടുകയും സംസാരിക്കുയും ചെയ്യുമ്പോൾ ഉത്തരവാദിത്തോടെയും അച്ചടക്കത്തോടെയും അതു നിർവഹിക്കാൻ എല്ലാവർക്കും ബാധ്യതയുണ്ട്. എനിക്കങ്ങനെ ഒരവരം കിട്ടിയാൽ സഭയ്ക്കു പൂർണവിധേയനായും അച്ചടക്കത്തോടെയും ഉത്തരവാദിത്തത്തോടെയും മാത്രമേ ഇടപെടൂ എന്നൊരു വിനീതമായ ഉറപ്പും മുന്നോട്ടുവയ്ക്കുന്നു.

**● സഭയുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രവർത്തനങ്ങളെപ്പറ്റി?**

ഞാൻ എറണാകുളം സെൻറ് മേരീസ് കത്തീഡ്രൽ ഇടവകാംഗമാണ്. അവിടെ ട്രസ്റ്റി ആയിരുന്നു. മാനേജിംഗ് കമ്മിറ്റിയിൽ ഞാൻ ഒരു ടേം സേവനമനുഷ്ഠിക്കാൻ അവസരമുണ്ടായിട്ടുണ്ട്. കളമശ്ശേരിയിലെ മെട്രോ വില്ലേജിനോടു ചേർന്ന് ആറര ഏക്കർ സ്ഥലത്ത് ഓർത്തഡോക്സ് ഇൻറർനാഷണൽ സെൻറർ എന്ന പേരിൽ 25 കോടി രൂപയുടെ വലിയൊരു പ്രോജക്ട് കൊച്ചി ഭദ്രാസനാധിപൻ യാക്കോബ് മാർ ഐറേനിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ പ്രത്യേക സൊസൈറ്റി രൂപീകരിച്ച് നടക്കുന്നുണ്ട്. അതിന്റെ വർക്കിംഗ് പ്രസിഡന്റ് ആയിട്ട് പ്രവർത്തിക്കുകയാണ് ഇപ്പോൾ. പീരുമേട് എൻജിനീയറിങ് കോളജിന്റെ തുടക്കത്തിൽ പരിശുദ്ധ മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവായുമായി ഒന്നിച്ച് ആ സ്ഥാപനത്തിന്റെ കാര്യങ്ങളുമായി പ്രവർത്തിച്ചു.

**● വിദ്യാഭ്യാസരംഗത്തെ പ്രവർത്തനങ്ങളെക്കുറിച്ച് പറയാമോ?**

കോലഞ്ചേരി മെഡിക്കൽ കോളജ് അടക്കം 12 വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്കാദമിക് കൗൺസിലുകളിൽ പ്രവർത്തിക്കുന്നു. പല സംസ്ഥാനങ്ങളിലായി നടത്തുന്ന ഡൽഹി സെൻറ് മേരീസ് സ്കൂളുകളുടെ ചെയർമാൻ ആണ്.

**● താങ്കൾ മത്സരരംഗത്തേയ്ക്കു വന്നയുടൻ കോലഞ്ചേരി മെഡിക്കൽ കോളജുമായി ബന്ധപ്പെടുത്തി ഒരു ഊമക്കത്ത് പ്രചരിച്ചു. എന്താണ് പ്രതികരണം?**

ഞാൻ ട്രസ്റ്റി സ്ഥാനത്തേക്കു മത്സരിക്കുന്നതുമായി ബന്ധപ്പെട്ടാണെന്നു തോന്നുന്നു അങ്ങനെയൊരു ലഘുലേഖ ഇറങ്ങിയത്. 20 കാര്യങ്ങളാണ് അതിലുള്ളത്. 20 കള്ളങ്ങളാണ് അതിലുള്ളത് എന്ന് ഖേദത്തോടെ പറയട്ടെ. കോലഞ്ചേരി മെഡിക്കൽ കോളജിനെ സംബന്ധിച്ചാണെങ്കിൽ എനിക്ക് നേരിട്ട് ഒരു ഭരണ സ്വാതന്ത്ര്യവും അതിലില്ല എന്നതാണ് വസ്തുത. ഈ വർഷമാണ് എന്നെ വൈസ് പ്രസിഡന്റായി തിരഞ്ഞെടുത്തത്. പരിശുദ്ധ കാതോലിക്കാ ബാവാ തിരുമനസ്സ് പ്രസിഡന്റും മറ്റ് നാല് മെത്രാപ്പോലീത്തന്മാർ വൈസ് പ്രസിഡന്റുമാരും സ്ഥാപക

സെക്രട്ടറിയായിരുന്ന ചാക്കോപ്പിള്ള ചേട്ടന്റെ മകൻ ജോയി പി. ജേക്കബ് സെക്രട്ടറിയുമായി ട്ടുള്ള ഒരു ഭരണസമിതിയാണ് കോലഞ്ചേരി മെഡിക്കൽ കോളജിന് നേതൃത്വം കൊടുക്കുന്നത്. മെഡിക്കൽ കോളജിനായി അപേക്ഷിക്കുന്ന തീയതി മുതലാണ് എനിക്ക് ആ സ്ഥാപനവുമായുള്ള ബന്ധം. മെഡിക്കൽ കോളജിന് അനുവാദം കിട്ടിക്കഴിഞ്ഞപ്പോൾ വിദ്യാർഥിപ്രവേശനവുമായി ബന്ധപ്പെട്ട് സർക്കാരുമായി ചില ബുദ്ധിമുട്ടുകൾ ഉണ്ടായപ്പോഴാണ് അതിനു പരിഹാരം കാണുന്നതിനായി സഭയുടെയും കോളജിന്റെയും നേതൃത്വത്തിലു ള്ളവർക്കൊപ്പം ആ പ്രശ്നത്തിൽ ഇടപെട്ടത്. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ക്യാപ്പിറ്റേഷൻ ഇപ്പോൾ കേരളം ചർച്ച ചെയ്യുന്നതാണ്. കോലഞ്ചേരിയിലെ നമ്മുടെ മെഡിക്കൽ കോളജ് ഉൾപ്പെടെ എതെങ്കിലും തരത്തിൽ ഞാൻ ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന നാലു ക്രിസ്ത്യൻ മെഡിക്കൽ കോളജുകളിലും ക്യാപ്പിറ്റേഷൻ ഇല്ലാതെ മെറിറ്റ് മാത്രം മാനദണ്ഡമായിട്ടാണ് പ്രവേശനം നല്കുന്നതെന്ന് അഭിമാനത്തോടെ പറയട്ടെ. 1970-ൽ 10 കിടക്കകളോടുകൂടി പ്രവർത്തനം ആരംഭിച്ച മെഡിക്കൽ മിഷൻ ആശുപത്രി ഇന്ന് 1200 കിടക്കകളുള്ള മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റലും മെഡിക്കൽ കോളജുമായി. ഈ മെഡിക്കൽ കോളജിൽ രണ്ടു കോടി രൂപയിലധികം പാവപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് കൊടുക്കുന്നുണ്ട്. ആശുപത്രിയിൽ വരുന്ന പാവപ്പെട്ടവരായ രോഗികൾക്കുവേണ്ടി ഏതാണ് രണ്ടു കോടിയിലധികം ചെലവിടുന്നുമുണ്ട്. ഇങ്ങനെ നല്ല കാര്യങ്ങള് ദൈവസഹായത്താല് നടന്നുവരുന്നുണ്ടെന്നു മാത്രം പറയട്ടെ.

- **എന്താണ് സഭാംഗങ്ങളോട് പറയാനുള്ളത്?**

ഞാനിതിന് പറ്റുന്നയാളാണെന്നു തോന്നുന്നുണ്ടെങ്കിൽ എനിയ്ക്കു വേണ്ടി പ്രാർഥിക്കുക. വോട്ടവകാശമുള്ളവർ നന്നായി പ്രാർഥിച്ച് സഭയുടെയും സമൂഹത്തിന്റെയും നന്മയ്ക്ക് ഉതകുംവിധം അതു വിനിയോഗിക്കുക. ഉപദേശങ്ങളും നിർദേശങ്ങളും തരിക. എന്റെ കൂടെയുണ്ടാവുക. എന്നെ നയിക്കുക.






*ബഹു. കേരള ഗവർണർ പങ്കെടുത്ത കൊച്ചി ഭദ്രാസന പരിപാടിയിൽ ജോർജ് പോൾ സ്വാഗതപ്രസംഗം നടത്തുന്നു.*


# ജോർജ് പോൾ
## ജീവിതരേഖ

കുറുപ്പംപടിയിലെ പ്രശസ്തമായ എമ്പാശ്ശേരി കുടുംബത്തിൽ 1949ൽ ജനിച്ച ജോർജ് പോൾ കോലഞ്ചേരിയിലെ സിന്തൈറ്റ് വ്യവസായ ശൃംഖലയുടെ വൈസ് ചെയർമാനാണ്. സുഗന്ധവ്യഞ്ജന സത്ത് ഉത്പാദന രംഗത്ത് ലോകത്തെ ഏറ്റവും വലിയ സ്ഥാപനമായ സിന്തൈറ്റിന്റെ ആരംഭകാലം മുതൽക്കേ അതിൽ പ്രവർത്തിച്ചു. പല തരം സുഗന്ധവ്യഞ്ജനങ്ങളിൽ നിന്നു സത്തെടുത്തു അഞ്ഞൂറിൽ പരം സംശുദ്ധമായ മൂല്യവർധിത ഉല്പന്നങ്ങൾ ലോകത്തിലെ വിവിധ രാജ്യങ്ങളിലേക്കു കയറ്റി അയച്ച് പ്രതിവർഷം 1600 കോടി രൂപയുടെ ഇടപാടുകൾ നടത്തുന്ന വലിയ വ്യവസായ ശൃംഖലയും മികച്ച കയറ്റുമതിക്ക് രാഷ്ട്രപതിയുടേതടക്കം ദേശീയവും രാജ്യാ

ന്തരവുമായ ഒട്ടേറെ പുരസ്കാരങ്ങൾ നേടിയ സ്ഥാപനവുമാണ് സിന്തൈറ്റ്.

കേരള സർവ്വകലാശാലയിൽ നിന്നു പ്രകൃതി ശാസ്ത്രത്തിൽ ബിരുദം നേടിയ ശേഷം 1972ൽ കോലഞ്ചേരിയിൽ സിന്തൈറ്റ് സ്ഥാപിതമായതു മുതൽ അതിനു നേതൃത്വം നൽകിവരികയാണ് ജോർജ് പോൾ. കമ്പനിയുമായി ബന്ധപ്പെട്ട ഒട്ടധികം സ്ഥാപനങ്ങളുടെ മേധാവിയായും അദ്ദേഹം പ്രവർത്തിക്കുന്നു. ഒട്ടേറെ വിദേശ കമ്പനികളുടെയും രാജ്യാന്തര ബിസിനസ് കൂട്ടായ്മകളുടെയും ഡയറക്ടർ ബോർഡ് അംഗവുമാണ്. സിന്തൈറ്റിന്റെയും അനുബന്ധ സ്ഥാപനങ്ങളിലെയും ജീവനക്കാർക്കും നാട്ടുകാരായ കർഷകർക്കുമായി സ്ഥാപനം നടപ്പാക്കുന്ന ക്ഷേമപദ്ധതികൾക്ക് ഭാവനാസമ്പന്നമായ നേതൃത്വം നൽകുന്നു.

വിദ്യാഭ്യാസരംഗത്തെ സജീവ പ്രവർത്തനങ്ങളാണ് ജോർജ് പോളിനെ ശ്രദ്ധേയനാക്കുന്ന മറ്റൊന്ന്. കൊച്ചിൻ യൂണിവേഴ്സിറ്റി (കുസാറ്റ്) സിൻഡിക്കേറ്റ് മെമ്പർ, കോതമംഗലം മാർ അത്തനേഷ്യസ് കോളജ് ബോർഡ് ഓഫ് സ്റ്റഡീസ് അംഗം, സെൻറ് തെരാസസ് കോളജ് അക്കാദമിക് കൗൺസിൽ അഡ്വൈസറി ബോർഡ് അംഗം, കൊച്ചിൻ മെട്രോ അഡ്വൈസറി ബോർഡ് അംഗം, ചങ്ങനാശ്ശേരിയിലെ എസ്.ബി. കോളജിലെ ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് മാനേജ്മെൻറ് സ്റ്റഡീസ് ഉപദേശകസമിതി അംഗം, ബോംബെ ഇന്ദിരാ ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് ബിസിനസ് മാനേജ്മെന്റ് ഗവേണിങ് ബോർഡ് അംഗം, ഡെൽഹി സെന്റ് മേരീസ് എജ്യൂക്കേഷനൽ സൊസൈറ്റി ചെയർമാൻ, കൊച്ചി വിദ്യോദയ സ്കൂൾ ട്രഷറർ, കൊച്ചിയിലെ ഗ്ളോബൽ അക്കാദമി ഫോർ എജ്യൂക്കേഷൻ ആൻഡ് ട്രെയിനിങ് ഡയറക്ടർ, കുഫോസ് ഇൻഡസ്ട്രിയൽ അഡ്വൈസറി ബോർഡ് വൈസ് ചെയർമാൻ തുടങ്ങിയ നിലകളിൽ പ്രവർത്തിക്കുന്ന അദ്ദേഹം സ്വാശ്രയ മാനേജ്മെന്റുകളുടെ അസോസിയേഷനും ശക്തമായ നേതൃത്വം നൽകി.



*രാഷ്ട്രപതി നീലം സഞ്ജീവ റെഡ്ഡിയിൽനിന്നും ജോർജ് പോൾ കയറ്റുമതിക്കുള്ള അവാർഡ് വാങ്ങുന്നു.*

സഭയുടെ അഭിമാനമായ കോലഞ്ചേരി മെഡിക്കൽ കോളജിന്റെ വൈസ്പ്രസിഡന്റെന്ന നിലയിൽ ആ സ്ഥാപനത്തെ വളർത്തിയെടുക്കുന്നതിന് ഊർജസ്വലമായ നേതൃത്വം നൽകുന്നയാളാണ് ജോർജ് പോൾ. പീരുമേടിൽ സഭയുടെ എൻജിനീയറിങ് കോളജ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തം വഹിച്ചു. കൊച്ചി കളമശ്ശേരിയിൽ സഭയുടെ വിഖ്യാതകേന്ദ്രമായി വിഭാവനം ചെയ്യുന്ന ഓർത്തഡോക്സ് ഇന്റർനാഷനൽ സെന്ററിന്റെ വർക്കിങ് പ്രസിഡന്റാണ്. വീടില്ലാത്തവർക്കും നിർധനർക്കുമായി പ്രവർത്തിക്കുന്ന കൊച്ചിയിലെ ഓർത്തഡോക്സ് ക്രിസ്ത്യൻ ഫെഡറേഷന്റെ പ്രസിഡന്റാണ്. സഭാ മാനേജിങ് കമ്മിറ്റി അംഗവും കൊച്ചിയിലെ സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ ട്രസ്റ്റിയുമായി പ്രവർത്തിച്ചിട്ടുണ്ട്.

അങ്കമാലി-
കണ്ടനാട്-കൊച്ചി
ഭദ്രാസന ആക്ഷൻ
കമ്മറ്റിയുടെ
അഭ്യർഥന

# നമ്മളിതൊന്നും കാണാതെ പോകരുത്

ആദരണീയരായ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ അംഗങ്ങളെ,

സഭാസ്ഥാനികളുടെ തിരഞ്ഞെടുപ്പ് സംബന്ധിച്ച് സോഷ്യൽ-പ്രിന്റ് മീഡിയകളിൽ പ്രത്യക്ഷപ്പെടുന്ന ആരോപണ-പ്രത്യാരോപണങ്ങൾ, വ്യക്തിഹത്യകൾ തുടങ്ങിയവയുടെ നിഴലും പൊരുളും, മുറവിളിയും മുതലക്കണ്ണീരും സഭാമക്കൾ തിരിച്ചറിയണമെന്നു പറയാനാണ് ഈ കത്ത്.

നാലു പതിറ്റാണ്ടായി മലങ്കരസഭയിൽ നിലനിൽക്കുന്ന കക്ഷിവഴക്ക് മൂലം അങ്കമാലി-കണ്ടനാട്-കൊച്ചി ഭദ്രാസനങ്ങൾ പ്രശ്നബാധിത മേഖലയാണ്. സഹോദരസഭകൾക്കും ഇതര സമുദായങ്ങൾക്കും മുന്നിലും രാഷ്ട്രീയ-സാമൂഹിക മണ്ഡലങ്ങളിലും സഭയുടെ സാക്ഷ്യജീവിതം ദുർബലമാവുന്നു. സഭയിൽനിന്നു പിരിഞ്ഞുപോയ പ്രസ്ഥാനങ്ങൾ വളരുമ്പോൾ, നമ്മൾ മുരടിപ്പിലാണ്. മൂന്നര പതിറ്റാണ്ടു മുമ്പുള്ള പൊതു അംഗീകാരം നമ്മുടെ സഭയ്ക്കില്ല. പരിണിതപ്രജ്ഞരായ രാഷ്ട്രീയനേതാക്കളടക്കമുള്ള അൽമായനേതൃത്വമാണ് സഭാ വിഘടിതവിഭാഗത്തിനു കരുത്തായി നിൽക്കുന്നതും നമ്മൾ കാണണം.

മൺമറഞ്ഞ അൽമായനേതാക്കന്മാരായ മാമ്മൻ മാപ്പിള, ഇ. ജോൺ ജേക്കബ്, സി. എം. സ്റ്റീഫൻ, കെ. എം. ചെറിയാൻ, കെ. എം. മാത്യു,

പി. സി. ഏബ്രഹാം തുടങ്ങിയവർ സ്വയാർജ്ജിത വ്യക്തിപ്രഭാവം കൊണ്ട് സഭയ്ക്ക് മുതൽക്കൂട്ടായിരുന്നെങ്കിൽ ഇന്നത്തെ സ്ഥാനികൾ സഭയുടെ പ്രഭാവത്തെ കുരുതികൊടുക്കുകയല്ലേ എന്നു ഞങ്ങൾ സംശയിക്കുന്നു.

മലങ്കരസഭ എപ്പിസ്കോപ്പൽ സഭയാണ്. പരിശുദ്ധ പിതാക്കന്മാർ പ്രാർഥന, നോമ്പ്, ഉപവാസം തുടങ്ങിയ ചര്യകളിലൂടെ ആത്മീയശക്തി പ്രാപിച്ച് സഭയെ നയിക്കുമ്പോൾ വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും അവരെ കടന്നാക്രമിക്കുന്ന വിഘടിത വിഭാഗത്തിനെതിരെ പ്രതിരോധം തീർക്കാൻ കഴിയുന്ന ശക്തമായ അൽമായ നേതൃനിരയാണ് വേണ്ടത്. സഭാവിരുദ്ധ പ്രവർത്തനം തടയാൻ നേതൃശേഷിയും വാക്ചാതുരിയും ലോകപരിചയവും പിതാക്കന്മാരോടുള്ള വിധേയത്വവും ഉള്ള അൽമായ നേതാവ് വേണം.

കഴിഞ്ഞ 10 വർഷത്തെ അൽമായ നേതൃത്വത്തിന്റെ പ്രവർത്തനവും കാണേണ്ടതാണ്. തിരുവനന്തപുരത്തടക്കം സഭ പ്രതിഷേധക്കൂട്ടായ്മ സംഘടിപ്പിച്ചപ്പോൾ ഇപ്പോഴത്തെ അൽമായ ട്രസ്റ്റിയും കൂട്ടരും ഒരു ഗൃഹപാഠവും ചെയ്യാതെ, വായിൽ തോന്നിയത് പ്രസംഗിച്ച് സർക്കാരിനെയും പോലീസിനെയും എതിർചേരിയിൽ നിർത്തി. ഇപ്പോഴത്തെ സെക്രട്ടറി അതുവഴി മുതലെടുപ്പു നടത്തി വേണ്ടപ്പെട്ടവർക്ക് എം.എൽ.എ. സ്ഥാനവും തരപ്പെടുത്തി.

പരിശുദ്ധബാവാ തിരുമേനി ഉൾപ്പെടെയുള്ള പിതാക്കന്മാരെ കോലഞ്ചേരിയിലെ പെരുവഴിയിൽ കിടത്തിയിട്ട് ഡൽഹിയിൽപോലും സ്വാധീനമുള്ള അല്മായ ട്രസ്റ്റി എന്തുചെയ്തു? കൊടുക്കുന്ന പണത്തിന്റെ കണക്കു പറഞ്ഞ് വിവരക്കേടും, വീരസ്യവും പ്രസംഗിക്കാനുള്ള വേദിയാക്കിസഭയെമാറ്റി, പ്രതിബദ്ധതയില്ലാത്ത ചില സർക്കാർ ഉദ്യോഗസ്ഥരെപ്പോലെ അൽമായ ട്രസ്റ്റിയും സെക്രട്ടറിയും പ്രവർത്തിച്ചു.

ഓർത്തഡോക്സ് സഭയുടെ പ്രശ്നബാധിത പ്രദേശങ്ങളിൽ കരുത്തുറ്റ അൽമായ നേതൃത്വമാണ് വേണ്ടത്. ത്രാണിയുള്ള നേതാവിനെത്തന്നെ വേണം. ഇതിനാണ്. ജോർജ് പോളിനെ അൽമായട്രസ്റ്റി സ്ഥാനത്തേക്ക് നിർദ്ദേശിച്ചത്. അദ്ദേഹത്തെ മോശക്കാരനാക്കാൻ വേണ്ടി സഭയുടെ തിലകക്കുറിയായ കോലഞ്ചേരി മെഡിക്കൽ കോളേജിനെ വരെ ആക്ഷേപിക്കുകയാണ് ചിലർ.

കാലാകാലങ്ങളിലുള്ള പരിശുദ്ധ കാതോലിക്കാ ബാവാമാരുടെ അനുവാദത്തോടും അനുഗ്രഹാശ്ശിസുകളോടും കൂടെ ചാക്കോ പിള്ള, പൈലിപ്പിള്ള, സി. വി. ജേക്കബ് തുടങ്ങിയവരാണ് ആ ആശുപത്രിക്ക് നേതൃത്വം നൽകിപ്പോന്നത്. അവരുടെ ദീർഘവീക്ഷണവും കഠിനാധ്വാനവും സഭയോടുള്ള ഭക്തിയും കൂറും വിശ്വാസവും സഭാപിതാക്കന്മാരോടുള്ള വിശ്വസ്തവിധേയത്വവുമാണ് ഇന്നത്തെ നിലയിലെ കോലഞ്ചേരി മെഡിക്കൽ കോളേജ്.

നമ്മുടെ മെഡിക്കൽ കോളേജിന്റെ വളർച്ചയും പ്രഭാവവും പലരെയും അസ്വസ്ഥരാക്കുന്നു. ഈ വളർച്ചയ്ക്ക് പിന്നിൽ ജോർജ് പോളും ജോയി പി. ജേക്കബും കഠിനാദ്ധ്വാനം ചെയ്തിട്ടുണ്ട്. ഇപ്പറയുന്ന വിമർശകർ ഇക്കാര്യത്തിൽ എന്തു ചെയ്തിട്ടുണ്ട്? പരിശുദ്ധ ബാവാ തിരുമേനി പ്രസിഡന്റും, ഡോ. മാർ അത്താനാസിയോസ്, ഡോ. മാർ സേവേറിയോസ്, ഡോ. മാർ ഐറേ

നിയസ്, മാർ പോളികാർപ്പോസ് എന്നീ പിതാക്കന്മാർ വൈസ്പ്രസിഡന്റുമാരും കോലഞ്ചേരി പള്ളി പൊതുയോഗത്തിൽ തിരഞ്ഞെടുക്കപ്പെട്ടതും ഭദ്രാസന മെത്രാപ്പോലീത്ത സേവേറിയോസ് തിരുമേനി അംഗീകരിച്ചതുമായ ഒൻപതു പ്രതിനിധികളും കണ്ടനാട് ഭദ്രാസന കൗൺസിൽ പ്രതിനിധിയും അടക്കം പത്തു പേർ ഭരണസമിതിയിൽ അംഗങ്ങളായിരിക്കുമ്പോൾ, അഞ്ച് പിതാക്കന്മാരോടൊപ്പം കേവലം ഒരു വൈസ് പ്രസിഡന്റ് മാത്രം ആയ ജോർജ് പോൾ സ്ഥാപനം കൈക്കലാക്കി എന്ന പ്രസ്താവന നമ്മുടെ അഭിവന്ദ്യരായ പിതാക്കന്മാരുടെ മുഖത്ത് ചെളി വാരിയെറിയുന്നതാണ്. മെഡിക്കൽ കോളേജായി ഉയർത്തപ്പെട്ടപ്പോൾ, 21 എം.ബി.ബി.എസ്. സീറ്റുകൾ മെറിറ്റ് അടിസ്ഥാനത്തിൽ നമ്മുടെ സഭയ്ക്ക് സ്വന്തമാണ്. ദളിത് ക്രൈസ്തവരുടെ മക്കൾക്ക് അടക്കം ഓർത്തഡോക്സ് സഭ അംഗങ്ങൾക്ക് മുൻഗണന നൽകി പഠിക്കുവാൻ അവസരം ലഭിക്കുന്നു. വെല്ലൂരിൽ ഒരു സീറ്റു മാത്രമാണ് ലഭിച്ചിരുന്നതെന്ന് ഓർക്കണം.

ആലുവ തൃക്കുന്നത്ത് സെമിനാരിയിൽ പരിശുദ്ധ ബാവായ്ക്കും മറ്റു തിരുമേനിമാർക്കും പ്രവേശിച്ച് ധൂപാർപ്പണം നടത്തുവാൻ അണിയറയിൽ ശക്തമായി പ്രവർത്തിച്ചത് ജോർജ് പോൾ ആയിരുന്നുവെന്ന് ഇടവക മെത്രാപ്പോലീത്തായുടെ വാക്കുകൾ തന്നെ വ്യക്തമാക്കുന്നുന്നു. പരിശുദ്ധ ബാവാ തിരുമേനി രക്ഷാധികാരിയും, ഭദ്രാസനാധിപൻ മാർ ഐറേനിയസ് പ്രസിഡന്റുമായി വിഭാവനം ചെയ്യുന്ന കൊച്ചി കളമശ്ശേരിയിലെ ഇന്റർനാഷണൽ സെന്ററിന്റെ വർക്കിങ് പ്രസിഡന്റുമാണ് ജോർജ് പോൾ. കണ്ടനാട് ഈസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്തായുടെ പ്രതിസന്ധികളിലും തണലായി നിന്നിട്ടുള്ളതും ജോർജ് പോളാണ്.

ജോർജ് പോളിന്റെ വ്യക്തിപ്രഭാവവും, സ്വീകാര്യതയും സഭയുടെ നിലപാടുകൾ യഥാർഥമായി സമൂഹത്തിൽ സംവേദനം ചെയ്യാൻ സഹായമാവും. പണംകൊണ്ട് സഭയുടെ പിതാക്കന്മാരെയും വൈദികരെയും വിലയ്ക്കെടുക്കാമെന്ന് പറയാതെ പറയുന്നവരെയല്ല, സഭാശുശ്രൂഷയുടെ ഭാഗമാകുവാൻ വിനയപൂർവ്വം മുൻപോട്ടുവരുന്നവരെയാണ് നമുക്കാവശ്യം. അതിനായ് നമുക്ക് കൈ കോർക്കാം...

നല്ലവനും വിശ്വസ്തനുമായ ദാസനെ, നീ അല്പത്തിൽ വിശ്വസ്തനായിരുന്നു. ഞാൻ നിന്നെ അധികത്തിന് വിചാരകനാക്കും- എന്ന വചനം ഓർമിക്കാം.

മാർച്ച് ഒന്നിനു സമ്മേളിക്കുന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷനിൽ ജോർജ് പോളിനെ അൽമായ ട്രസ്റ്റി സ്ഥാനത്തേക്ക് തെരഞ്ഞെടുക്കാൻ ബഹുമാന്യരായ അസോസിയേഷൻ അംഗങ്ങളോടു വിനീതമായി അപേക്ഷിക്കുന്നു.

പ്രാര്ഥനയോടെ,

ആക്ഷൻ കമ്മറ്റിക്കുവേണ്ടി

**പി.ടി. ജോർജ്,**
**കെ.പി. ജോൺ,**
**എം.എ. കോരുത്**



സഭാസേവനചരിത്രം പരിഗണിച്ച് അൽമായ ട്രസ്റ്റി സ്ഥാനത്തേയ്ക്ക് ജോർജ് പോളിനെ തിരഞ്ഞെടുക്കേണ്ടത് എന്തുകൊണ്ട്?

വെരി റവ. ഇ. കെ. ജോർജ് ഇഞ്ചക്കാട്ട് എഴുതുന്നു.

# നീതിമാന്റെ വഴി നമുക്കു വിളക്കാകട്ടെ

ലോകമാകെ 1500 ഇടവകകളിലായി ഒട്ടേറെ പ്രഗൽഭർ നമ്മുടെ സഭാംഗങ്ങളായുണ്ട്. സഭയുടെ ഉയർച്ച ആഗ്രഹിക്കുന്നവരും അതിനായി പ്രാർഥിക്കുന്നവരുമാണ് അവർ. അതിനുവേണ്ട കാര്യങ്ങളൊക്കെ അവർ ചെയ്യുന്നുമുണ്ട്. എന്നാൽ ഇവരാരും സ്ഥാനമാനങ്ങൾ ആഗ്രഹിക്കുന്നവരല്ല. അതിനായി തന്ത്രം മെനയുന്നവരുമല്ല. അക്കൂട്ടത്തിൽപ്പെടുന്നൊരാളാണ് ജോർജ് പോൾ.

പക്ഷേ യോഗ്യതയുള്ള ആളുകളെക്കണ്ടുപിടിച്ച് സഭാപുരോഗതിക്ക് പ്രയോജനപ്പെടുത്താനുള്ള ബാധ്യത മലങ്കര അസോസിയേഷൻ പ്രതിനിധികൾക്കുണ്ട്. രണ്ടും മൂന്നും തവണ ഒരേ പദവി വഹിച്ചവരും വീണ്ടും അതിനായി ആഗ്രഹിക്കുന്നവരും അതിനായി പല ഉപായങ്ങൾ പയറ്റുന്നവരുമുണ്ട്. അവരെ തിരിച്ചറിയുകയും അവർക്ക് തിരിച്ചറിവുണ്ടാകാൻ പ്രാർഥിക്കുകയും വേണം.

യോഗ്യതയുള്ളവരും അധികാരഭ്രമമില്ലാത്തവരുമായ സഭാസ്നേഹികളെ സഭാസേവനത്തിന് നിയോഗിക്കണമെന്ന് നമ്മളെല്ലാവരും ആഗ്രഹിച്ചു. അങ്ങനെ നമ്മളിൽ പലരും പല അന്വേഷണങ്ങൾ നടത്തി പലരെ കണ്ടെത്തി. അവരെല്ലാം തന്നെ മത്സരിച്ച് സ്ഥാനം നേടാൻ വിമുഖത കാണിക്കുകയാണ് ചെയ്തത്. ജോർജ് പോളും അക്കൂട്ടത്തിലൊരാളായിരുന്നു. ഒടുവിൽ സഭയുടെ ഭാവിയെ മുൻനിർത്തി നമ്മളെല്ലാം പലവുരു നിർബന്ധിച്ചതിനെ തുടർന്നാണ്

അൽമായ ട്രസ്റ്റി സ്ഥാനാർത്ഥിയായി നിൽക്കാമെന്ന് അദ്ദേഹം സമ്മതിച്ചത്.

കേരളം ആദരിക്കുന്ന വ്യവസായിയാണ് അദ്ദേഹം. വലിയൊരു വ്യവസായ സ്ഥാപനത്തിന്റെ മേധാവിയായിരുന്നുകൊണ്ട് ജനസമ്മിതി നിലനിർത്തുക എളുപ്പമല്ല. സുതാര്യമായും സത്യസന്ധതയോടെയും ദീനാനുകമ്പയോടെയും കാര്യങ്ങൾ ചെയ്യുന്നതുകൊണ്ടാണ് അദ്ദേഹത്തിന് അതു സാധിക്കുന്നത്. തന്റെ നേട്ടങ്ങളോ വിജയങ്ങളോ നോട്ടീസ് അടിച്ചു പരസ്യപ്പെടുത്തുന്ന ആളല്ല ജോർജ് പോൾ.

സഭയുടെ പീരുമേട്ടിലെ എൻജിനീയറിങ് കോളജ് സ്ഥാപിക്കുന്ന കാര്യത്തിൽ പരിശുദ്ധ മാത്യൂസ് ദ്വിതീയൻ ബാവായുടെ വലംകൈയായി നിന്നു പ്രവർത്തിച്ച കാര്യം പലർക്കും അറിവുണ്ടാകും. ഇപ്പോൾ കോലഞ്ചേരി മെഡിക്കൽ കോളജിന്റെ വൈസ് പ്രസിഡൻറായ ജോർജ് പോൾ ക്രിസ്ത്യൻ മാനേജ്മെൻറ് മെഡിക്കൽ കോളജ് സംഘടനയുടെ സെക്രട്ടറിയും മുഖ്യ വക്താവുമാണ്. സ്വകാര്യ മെഡിക്കൽ കോളജുകളുടെ നിലപാടുകളും സേവനങ്ങളും ചാനൽ ചർച്ചകളിലൂടെ വ്യക്തമായി വിശദമാക്കിയിട്ടുള്ള ജോർജ് പോളിന്റെ മാനേജ്മെൻറ് വൈദഗ്ദ്ധ്യം അതുല്യമാണെന്നു എല്ലാവർക്കും അറിയാവുന്നതുമാണ്. അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന നാലു ക്രിസ്ത്യൻ മെഡിക്കൽ കോളജുകളിൽ ക്യാപിറ്റേഷൻ ഫീ പരിപൂർണമായി ഇല്ലാതാക്കി മെഡിക്കൽ പ്രവേശനം നടത്താൻ വർഷങ്ങളായി കഴിയുന്നത് അദ്ദേഹം നീതിമാനാണ് എന്നതിന്റെ ഏറ്റവും വലിയ വിളംബരമായി ഞാൻ കാണുന്നു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാ മാനേജിങ് കമ്മിറ്റി അംഗമായും എറണാകുളം സെൻറ് മേരീസ് കത്തീഡ്രൽ ട്രസ്റ്റിയായും സേവനം അനുഷ്ഠിച്ചിട്ടുള്ള ജോർജ് പോൾ ചാനൽ ചർച്ചകളിലെ പ്രമുഖ സംവാദകനെന്ന നിലയിൽ നമ്മുടെ സഭയുടെ നിലപാടുകൾ സമൂഹത്തിൽ സുവ്യക്തമാക്കാൻ കഴിവുള്ള ആളാണ്. അദ്ദേഹം നമ്മുടെ നാവാകട്ടെ. നേരത്തെ അവൈദിക ട്രസ്റ്റിയായിരുന്ന പറവൂർ കുളങ്ങര ഇട്ടിച്ചൻ പൈലിക്കു ശേഷം സഭയുടെ വടക്കൻ മേഖലയിൽ നിന്നുള്ള അവൈദിക ട്രസ്റ്റി സ്ഥാനാർഥിയാണു ജോർജ് പോൾ എന്നും ഓർക്കേണ്ടതുണ്ട്. വിഘടിതവിഭാഗത്തിൽനിന്നു വെല്ലുവിളികൾ ശക്തമായി ഉയരുന്ന വടക്കൻ മേഖലയിൽ നമ്മുടെ സഭയെ ഉറപ്പിച്ചു നിർത്താൻ കഴിവുള്ള കരങ്ങളാണ് ജോർജ് പോളിന്റേത്.




# മനുഷ്യൻ ജീവിക്കുന്നത് **ദൈവത്തിന്റെ വചനങ്ങൾ** കൊണ്ടുകൂടിയാണ്

കൊച്ചി ഭദ്രാസനത്തിൻറെ അഭിവന്ദ്യനായ ഡോ. യാക്കോബ് മാർ ഐറേനിയസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ വലിയൊരു ആത്മീയ നവോത്ഥാനകേന്ദ്രമായി കളമശേരിയിൽ പണിയാരംഭിച്ചിരിക്കുന്ന ഓർത്തഡോക്സ് ഇൻറർ നാഷണൽ സെന്ററിന്റെ വർക്കിങ് പ്രസിഡൻറായി പ്രവർത്തിക്കുകയാണ് ജോർജ് പോൾ ഇപ്പോൾ. ഈ കേന്ദ്രത്തിനുവേണ്ടി കളമശേരിയിൽ മെട്രോ ഗ്രാമത്തിനടുത്തായി ആറര ഏക്കർ സ്ഥലം വാങ്ങുകയും കെട്ടിടംപണി ആരംഭിക്കുകയും ചെയ്തു. 22 കോടി രൂപയാണ് ഇതിനായി സമാഹരിക്കുന്നത്.

ആരാധനയ്ക്കുള്ള ചാപ്പൽ, പാഴ്സനേജ്, വൃദ്ധജന സംരക്ഷണ കേന്ദ്രം, ധ്യാന മന്ദിരം, ലൈബ്രറി, മ്യൂസിയം, പ്രസിദ്ധീകരണശാല, കോൺഫറൻസ് ഹാൾ, അതിഥി മന്ദിരങ്ങൾ, ടൈം ഷെയർ അക്കോമഡേഷൻ, പോളി ക്ലിനിക്, ഭക്ഷണ ശാല, വാർത്താവിനിമയ സൗകര്യം തുടങ്ങിയവയും ഭാഷാപഠനം, സ്പിരിച്ചൽ ഹീലിംഗ്, കൗൺസിലിങ്, വിവാഹപൂർവ ഉപദേശങ്ങൾ, കുടുംബങ്ങൾക്കുള്ള ആത്മീയ മാർഗനിർദ്ദേശം, ഉദ്യോഗങ്ങൾ ലഭിക്കുന്നതു സംബന്ധിച്ച മാർഗനിർ ദ്ദേശം എന്നിവയ്ക്കുള്ള സൗകര്യങ്ങളും ഈ ആധ്യാത്മിക നവോത്ഥാന കേന്ദ്രത്തില് ഉണ്ടാകും. ഇതുപോലൊന്ന് നമ്മുടെ സഭയിൽ മാത്രമല്ല കേരള ത്തിൽ തന്നെ ആദ്യമാകും. ഈ മഹാസംരംഭത്തിന്റെ സജീവനേതൃത്വം ജോർജ് പോളിന്റെ ദീർഘവീക്ഷണവും നേതൃശേഷിയും വിളിച്ചറിയിക്കുന്നതാണ്.



ജോർജ് പോളിന്റെ സഹപാഠിയും കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളജ് മുൻ അധ്യാപകനുമായ ഫാ. പ്രൊഫ. ഒ.ജെ. ജേക്കബ് എഴുതുന്നു

# എന്തുകൊണ്ട് ജോർജ് പോൾ?

കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളേജ് 1966-68 പ്രീഡിഗ്രി ബാച്ചിൽ ഞങ്ങൾ ഒന്നിച്ചു പഠിച്ചവരാണ്. പിന്നെ കുറെക്കാലം ഞങ്ങൾ രണ്ടുപേരുടെയും ജീവിതം രണ്ടുവഴികളിലൂടെയായിരുന്നു. പിന്നീട് 1995ൽ എറണാകുളം സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ സഹവികാരിയായി എത്തിയപ്പോൾ അവിടത്തെ അയ്മേനികളുടെ നേതൃനിരയിൽ ജോർജ് പോൾ ഉണ്ടായിരുന്നു. ഇടവകക്കാരുടെ ശ്രദ്ധാകേന്ദ്രവും പ്രതിസന്ധികളിൽ അവർ പ്രതീക്ഷയോടെ ഉറ്റുനോക്കുന്നയാളുമായിരുന്നു ജോർജ് പോൾ.

അന്നത്തെ എറണാകുളം പള്ളിയുടെ ചാപ്പലായിരുന്ന ഇളംകുളം മാർ ഗ്രീഗോറിയോസ് ചാപ്പലിനോടനുബന്ധിച്ച് സെല്ലാർ പണിയുന്നത് ആയിടെ പ്രശ്നമായി. പണിത സെല്ലാർ പൊളിക്കണമെന്ന് കോർപറേഷൻ ആവശ്യപ്പെട്ടു. ജോർജ് പോൾ നയപരമായി ഇടപെട്ട് ആ പ്രശ്നം പരിഹരിക്കുകയും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ സെല്ലാർ പണി പൂർത്തീകരിക്കുകയും ചെയ്തു.

ഈ അടുത്ത കാലത്ത് എറണാകുളം സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ പള്ളി മോടിപിടിപ്പിച്ച് കമനീയമാക്കിയതും ജോർജ് പോളിന്റെ നേതൃത്വത്തിലായിരുന്നു. അഭിവന്ദ്യ ഐറേനിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ ജോർജ് പോളും കൂട്ടരും ചേർന്ന് കളമശ്ശേരിയിൽ വിഭാവനം ചെയ്തിട്ടുള്ള കൊച്ചി ഇന്റർനാഷണൽ സെന്റർ ഓർത്തഡോക്സ് സഭാ ചരിത്രത്തിലെ നാഴികക്കല്ലായിരിക്കുമെന്നും എനിക്കുറപ്പുണ്ട്.

എറണാകുളം പള്ളിയുടെ നേതൃത്വത്തിൽ നടക്കുന്ന ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ജോർജ് പോൾ നൽകുന്ന നേതൃത്വം പൊതുസമൂഹത്തിൽ നമ്മുടെ സ്വീകാര്യത വർധിപ്പിക്കുന്നതാണ്. ഭാഗ്യസ്മ

രണാർഹനായ ജോസഫ് മാർ പക്കോമിയോസ് തിരുമേനിയുടെ പേരിലുള്ള സ്നേഹനിധി പ്രശ്നബാധിത ഭദ്രാസനങ്ങളിലെ സമർത്ഥരും നിർധനരുമായ വിദ്യാർഥികളുടെ ഉപരിപഠനത്തിനു മാറ്റിവച്ചത് എത്രയോ കുടുംബങ്ങൾക്ക് ആശ്വാസവുമായെന്നതും ഞാനോർക്കുന്നു.

കക്ഷിവഴക്കിൽ ആലുവ തൃക്കുന്നത്ത് സെമിനാരി കലാപഭൂമിയായ ഘട്ടം. പരിശുദ്ധ പിതാക്കന്മാരുടെ കബറിടത്തിൽ ധൂപാർപ്പണം നടത്താൻ വിഘടിത ഗ്രൂപ്പ് പദ്ധതിയിട്ടപ്പോൾ മന്ത്രിസഭാ ഉപസമിതിയിൽ ഓർത്തഡോക്സ് സഭയ്ക്ക് വേണ്ടി ശക്തമായി വാദിക്കാനും അനുകൂലമായി തീരുമാനമെടുപ്പിക്കാനും കഴിഞ്ഞത് ജോർജ് പോളിന്റെ പിൻബലവും വൈഭവവും കൊണ്ടാണെന്ന് അഭിവന്ദ്യ യൂഹാനോൻ മാർ പോളികാർപ്പോസ് തിരുമേനി പറഞ്ഞിട്ടുണ്ട്. അങ്കമാലി-കണ്ടനാട്-കൊച്ചി ഭദ്രാസനങ്ങളിലെ വഴക്കുള്ള പള്ളികളിൽ പ്രശ്നപരിഹാരത്തിനു വേണ്ടി ജോർജ് പോളിന്റെ വലിയ ഇടപെടലുണ്ടായിട്ടുള്ളതായി ആ പള്ളികളിലെ നേതൃസ്ഥാനികളും പറയാറുണ്ട്.

ഭാഗ്യസ്മരണാർഹനായ പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനി രൂപപ്പെടുത്തിയ മുളന്തുരുത്തി തലക്കോട് പരുമല മാർ ഗ്രീഗോറിയോസ് ചാരിറ്റബിൾ ട്രസ്റ്റിന്റെ ഗവേണിങ് ബോർഡ് മെമ്പറാണ് ജോർജ് പോൾ. ആരോരുമില്ലാത്ത കുഞ്ഞുങ്ങളെ സംരക്ഷിക്കുന്ന തലക്കോട് സെന്റ് മേരീസ് ബോയ്സ് ഹോമും, യുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകുന്ന മാർ ഗ്രീഗോറിയോസ് ഐ.ടി.ഐയും, തൊഴിൽരഹിതരായ വീട്ടമ്മമാർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്ന സംവിധാനമായ പേസും, ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെമ്മോറിയൽ വനിതാ വൃദ്ധമന്ദിരവും, തലക്കോട് മാർ ഗ്രീഗോറിയോസ് ചാപ്പലിനു സമീപത്ത് താമസിക്കുന്ന കോളനി നിവാസികളുടെ ഇടയിലെ ജീവകാരുണ്യ പ്രവർത്തനങ്ങളും നിർധനരായ വൃക്കരോഗികൾക്ക് സൗജന്യ ഡയാലിസിസ് നൽകുന്ന വരിക്കോലി ഗ്രിഗോറിയൻ സെന്ററുമൊക്കെ ജോർജ് പോളിന്റെ കൂടി സജീവ നേതൃത്വത്തിലും പങ്കാളിത്തത്തിലുമാണ് നിർവഹിച്ചുപോരുന്നത്.

താനുൾപ്പെടുന്നതായ വ്യവസായസ്ഥാപന വരുമാനത്തിന്റെ ഒരുഭാഗം സിവിജെ. ഫൗണ്ടേഷൻ വഴി ജാതിമത വ്യത്യാസമില്ലാതെ അശരണർക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കുമായി വിനിയോഗിക്കുന്നുണ്ടെന്ന് എനിക്ക് നേരിട്ടറിയാം.

നല്ലതു ചെയ്യുമ്പോൾ നമ്മൾ ദൈവനാമത്തെയാണ് മഹത്വപ്പെടുത്തുന്നത്. നമ്മെ നയിക്കുന്നവർ നല്ലതു ചെയ്യുന്നവരാകട്ടെ. നമുക്കും നാടിനും നൻമ വരുത്തട്ടെ. അതിനു നേതൃത്വം നൽകാൻ ജോർജ് പോളിനു കഴിയും. കാരണം എന്റെ സഹപാഠി നൻമയുള്ളവനാണ്. 50 വർഷത്തെ പരിചയത്തിൽ നിന്ന് ഞാനത് ഉറപ്പിച്ചു പറയും.



ബഹുമാനപ്പെട്ട അച്ചാ / പ്രിയ സഹോദരാ,

നമ്മുടെ പരിശുദ്ധ സഭ വളരെയധികം വെല്ലുവിളികളിലൂടെ കടന്നുപോകുന്ന കാലമാണല്ലോ. ലോകവും അതിന്റെ മൂല്യസങ്കല്പങ്ങളും അതിവേഗം മാറിവരുന്നതുമൂലം ആത്മീയ രംഗത്ത് സഭയുടെ ദൗത്യം വിപുലമാക്കേണ്ടതുണ്ട്. വ്യക്തിത്വവും വേരുകളും നിലനിർത്താൻ ആഗ്രഹിക്കുന്നൊരു ജനസമൂഹമെന്ന നിലയിൽ നമ്മുടെ സഭാംഗങ്ങൾക്ക് മെച്ചപ്പെട്ട ജീവിതസാഹചര്യം ഉറപ്പുവരുത്തുന്നതിനുള്ള ശ്രമങ്ങൾ സഭ നടത്തേണ്ടതുണ്ട്. ഇതര സഭകളോടും സമുദായങ്ങളോടുമുള്ള ബഹുമാനവും സമൂഹത്തോടും രാജ്യത്തോടും സർവ്വോപരി മഹത്തായ മാനവികതയോടുമുള്ള നമ്മുടെ ഉറച്ച പ്രതിബദ്ധതയും മാറ്റമില്ലാതെ കാത്തുസൂക്ഷിക്കേണ്ടതുണ്ട്.

ഈ വലിയ ലക്ഷ്യങ്ങൾ മുന്നിൽക്കണ്ടുകൊണ്ട് പരിശുദ്ധ സഭയിലെ ബഹുമാന്യരായ വൈദികരും പള്ളി പ്രതിപുരുഷന്മാരും നിർദ്ദേശിച്ചപ്രകാരം എളിയവനായ ഞാൻ സഭാസേവനത്തിന് നിങ്ങളുടെ സമ്മതം തേടുകയാണ്. ഈ വരുന്ന മാർച്ച് ഒന്നിന് കോട്ടയം എം.ഡി. സെമിനാരി അങ്കണത്തിൽ നടക്കുന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനിൽ അൽമായ ട്രസ്റ്റി സ്ഥാനത്തേക്കാണ് എന്റെ സ്ഥാനാർത്ഥിത്വം. അതിലേക്ക് അങ്ങയുടെ പ്രാർത്ഥനയും പിന്തുണയും പ്രവർത്തനങ്ങളും നിർദ്ദേശങ്ങളും വോട്ടും വിനയപൂർവം അപേക്ഷിക്കുകയാണ്. ദൈവത്തിലും നമ്മുടെ സഭയിലുമുള്ള അചഞ്ചലമായ വിശ്വാസവും പ്രബുദ്ധമായ നമ്മുടെ വിശ്വാസിസമൂഹത്തിന്റെ വിവേചനശേഷിയിലുള്ള ഉറപ്പുമാണ് ഈ തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയാകാൻ എനിക്ക് കരുത്ത് നല്കുന്നത്.

സിന്തൈറ്റ് ഇൻഡസ്ട്രീസിലൂടെ വ്യവസായരംഗത്തും, നമ്മുടെ സഭാസ്ഥാപനങ്ങളിലൂടെ വിദ്യാഭ്യാസരംഗത്തും എളിയ ചില പരിശ്രമങ്ങളിൽ പങ്കാളിയാകുവാൻ ദൈവം എനിക്കു നല്കിയ അവസരം സഹജീവികളുടെ നന്മയ്ക്കായി പ്രയോജനപ്പെടുത്തുവാൻ ശ്രമിച്ചിട്ടുള്ളതാണ് എന്റെ അനുഭവ

**George Paul**
Embassery House
66/1700, Banerji Road
Cochin 682 016
+91 9847042612
georgepaul@synthite.com

**Vice Chairman**
Synthite Industries Ltd

പരിചയം. പീരുമേട് മാർ ബസേലിയോസ് എൻജിനീയറിംഗ് കോളജ്, കോലഞ്ചേരി മെഡിക്കൽ കോളജ് എന്നീ സഭാസ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ സജീവ പങ്കാളിത്വം വഹിക്കാൻ ദൈവം എന്നെ ഉപയോഗിച്ചു. വിദ്യാഭ്യാസ രംഗത്ത് സഭാസ്ഥാപനങ്ങളുടെ നിലപാടുകൾ മാധ്യമങ്ങളിലൂടെ ലോകത്തെ അറിയിക്കാനും, വലിയൊരു ആദ്ധ്യാത്മിക നവോത്ഥാനകേന്ദ്രമായി നമ്മൾ വളർത്തിയെടുക്കാനാഗ്രഹിക്കുന്ന കൊച്ചി കളമശ്ശേരിയിൽ ആറര ഏക്കർ സ്ഥലത്ത് ആരംഭിക്കുന്ന ഇന്റർനാഷണൽ ഓർത്തഡോക്സ് സെന്ററിന്റെ പ്രവർത്തനങ്ങളിലേർപ്പെടുവാനും പരുമലയിലെ ക്യാൻസർ സെന്ററിന്റെ പ്രാരംഭകാല പ്രവർത്തനങ്ങളിൽ പങ്കാളിയാവാനും പരിശുദ്ധ സഭ എനിക്ക് അവസരം നല്കി. മലങ്കര സഭയുടെ വടക്കൻ മേഖലകളിൽ പള്ളിത്തർക്കങ്ങൾ രൂക്ഷമായ സമയങ്ങളിൽ സഭയുടെ വക്താവായി ഗവണ്മെന്റുമായി ചർച്ചകൾ നടത്തുവാൻ സാധിച്ചത് കൃതജ്ഞതയോടെ ഓർക്കുന്നു. ഏൽപ്പിച്ച ചുമതലകൾ സഭയുടെയും സമൂഹത്തിന്റെയും നന്മയ്ക്കായി എന്നാലാവുംവിധം നിറവേറ്റാൻ ശ്രമിച്ചിട്ടുണ്ടെന്നാണ് എന്റെ എളിയ വിശ്വാസം.

നിങ്ങൾ എന്നിലർപ്പിക്കുന്ന വിശ്വാസം വ്യക്തിപരമായ ആവശ്യങ്ങൾക്കോ നേട്ടത്തിനോ ഒരിക്കലും പ്രയോജനപ്പെടുത്തില്ലെന്ന് ഞാൻ ഉറപ്പു തരുന്നു. നമ്മുടെ സഭയുടെ വിശ്വാസത്തിലും പരമ്പരാഗതമായ മൂല്യബോധത്തിലും ഉറച്ചുനിന്ന് നാടിന്റെയും സഭയുടെയും സഭാംഗങ്ങളുടെയും നന്മയ്ക്കായി പ്രവർത്തിക്കാൻ എനിക്ക് അവസരവും അനുമതിയും നല്കണമെന്ന് വിനയത്തോടെ അപേക്ഷിക്കുന്നു.

ആദരപൂർവ്വം



**ജോർജ് പോൾ**



For Private Circulation Only
Published by Friends and Well Wishers of Mr. George Paul.